# പതിനാലാം കേരള നിയമസഭ
# (ഒന്നാം സമ്മേളനം)

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2276 18/07/2016-ൽ മറുപടിയ്ക്ക്

## <u>കൊച്ചി മണ്ഡലത്തിലെ ഹാർബർ എൻജിനീയറിങ് പദ്ധതികൾ</u>

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി: | | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ | കൊച്ചി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | കൊച്ചി നിയോജക മണ്ഡലത്തിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പു മുഖേന നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായ ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം, നമ്പ്യാപുരകാട്ടിപ്പറമ്പ് പാലം, കക്കേടവ് വടക്ക് വിജയം കനാൽപാലം എന്നിവയുടെ നിർമ്മാണ പ്രവൃത്തികളും തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെട്ടുത്തിയ റോഡു പ്രവൃത്തികളുമാണ് നിലവിൽ നടന്നുവരുന്നത്. ടി പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

| നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| **I.** നബാർഡ് പദ്ധതികൾ | | | |
| 1 | ചെല്ലാനം മത്സ്യബന്ധന തുറമുഖം രണ്ടാംഘട്ട വികസനം. | 2990 | ടി പദ്ധതിയിലെ പുലിമുട്ടുകളുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. സ്ഥലം ലഭ്യമാകാത്തതിനാൽ ബാക്കി ഘടകങ്ങളുടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. നെഗോസിയേഷൻ പർച്ചേസ് പ്രകാരം 10 കോടി രൂപ ചെലവിൽ 130.23 ആർ ഭൂമി ഏറ്റെടുക്കുവാൻ ഭരണാനുമതി |

| | | | | | |
|---|---|---|---|---|---|
| | | | | | നൽകിയതു പ്രകാരം ആയതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| | | 2 | നമ്പ്യാപുര കാട്ടിപ്പറമ്പ് പാലം | 140 | ആർ.എ.ഡി.എഫ് -XVII ൽ ഉൾപ്പെടുത്തി ടി പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ക്രമീകരിച്ചുവെങ്കിലും പ്രവൃത്തിയുടെ പുരോഗതി മന്ദഗതിയിലായതിനാൽ കരാർ റദ്ദു ചെയ്ത് പുനഃദർഘാസ് ക്ഷണിച്ച് 17/12/2015ൽ കരാറിൽ ഏർപ്പെട്ടിട്ടു ണ്ട്. 10 മാസം പൂർത്തീകരണ കാലാവധിയുള്ള ടി പ്രവൃത്തി ആരംഭിച്ചിട്ടു ണ്ട്. |
| | | 3 | കണ്ടേൽക്കടവ് വിജയം കനാൽ പാലം | 172 | ആർ.ഐ.ഡി.എഫ് ~~XIX~~ - ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയതനുസരിച്ച് നിർമ്മാണ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിച്ചു. |
| | | **II. തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതി** | | | |
| | | 1 | ചെല്ലാനം ഗ്രാമപഞ്ചായത്ത് വാർഡ് നമ്പർ 18- ലെ കമ്പനിപ്പടി ലക്ഷം വീട് കോളനി റോഡ് | 29 | ടി റോഡിന് ഭരണാനുമതി നൽകിയതനുസരിച്ച് കോൺക്രീറ്റിംഗ് പ്രവൃത്തി നടന്നു വരുന്നു. |
| | | 2 | ചെല്ലാനം ഗ്രാമപഞ്ചായത്ത് വാർഡ് നമ്പർ 13- ലെ പ്യാലമുട്ട് മുതൽ പുളിക്കൽ പാലം വരെയുള്ള റോഡ് | 96 | ടി റോഡിന് ഭരണാനുമതി നൽകിയതനുസരിച്ച് കോൺക്രീറ്റിംഗ് പ്രവൃത്തി നടന്നു വരുന്നു. |
| ബി | ഭരണാനുമതി ലഭിച്ചിട്ടും പൂർത്തിയാകാത്തതും നിർമ്മാണപ്രവൃത്തി ആരംഭിക്കാത്തതുമായ എന്തെങ്കിലും പ്രവൃത്തികൾ | <u>ഭരണാനുമതി നൽകിയിട്ടും പൂർത്തിയാകാത്ത പദ്ധതികൾ</u><br>1. കൊച്ചി നിയോജക മണ്ഡലത്തിൽ ഫിഷറീസ് മേഖലയിൽ നബാർഡ് RIDF-XVൽ ഉൾപ്പെടുത്തി ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവൃത്തിക്ക് 2990 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതനുസരിച്ച് പുലിമുട്ടു | | | |

| | | |
|---|---|---|
| | കൊച്ചി മണ്ഡലത്തിൽ ഹാർബർഎഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ നിലവില്ലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | കളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടു ണ്ട്. സ്ഥലം ലഭ്യമാകാത്തതിനാൽ മറ്റ് ഘടകങ്ങൾ ക്രമീകരിക്കുവാൻ സാധിച്ചിട്ടില്ല. നെഗോസിയേഷൻ പർച്ചേസ് പ്രകാരം 10 കോടി രൂപ ചെലവിൽ 130.23 ആർ സ്ഥലം ഏറ്റെടുക്കുവാൻ ഭരണാനുമതി നൽകിയതു പ്രകാരം ആയതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. നബാർഡ് XV- ൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണ കാലാവധി അവസാനിച്ചതിനാൽ ആയത് ദീർഘിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകിയെങ്കിലും പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുകയില്ല എന്ന് നബാർഡ് അധികൃതർ അറിയിച്ചിട്ടു ണ്ട്. ആയതിനാൽ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് ശേഷിക്കുന്ന ഘടകങ്ങളുടെ നിർമ്മാണ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് price software - ൽ പുതുക്കി തയ്യാറാക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>2. RIDF XVII ൽ ഉൾപ്പെടുത്തി 140 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതനുസരിച്ച് നമ്പ്യാപുര കാട്ടിപ്പറമ്പ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ക്രമീകരിച്ചുവെങ്കിലും പ്രവൃത്തിയുടെ പുരോഗതി വളരെ മന്ദഗതിയിലായതിനെ ത്തുടർന്ന് കരാർ റദ്ദുചെയ്ത് പുനഃദർഘാസ് ക്ഷണിച്ച് 17/12/2015ൽ കരാറിൽ ഏർപ്പെട്ടിട്ടു ണ്ട്. 10 മാസം പൂർത്തീകരണ കാലാവധിയുള്ള ടി പ്രവൃത്തി ആരംഭിച്ചിട്ടു ണ്ട്.<br><br>3. RIDF XIX ൽ ഉൾപ്പെടുത്തി കക്കേടവ് വടക്ക് വിജയം കനാൽ പാലം നിർമ്മിക്കുന്നതിനായി 172 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിച്ചു.<br><br>**ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കുവാൻ കഴിയാത്ത പദ്ധതികൾ**<br>തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടും ആരംഭിക്കുവാൻ കഴിയാത്ത റോഡു പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br><br>1. സ്ഥലലഭ്യതയുമായി ബന്ധപ്പെട്ട തർക്കം നിമിത്തം 34 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ സെന്റ് സെബാസ്റ്റ്യൻ ചർച്ച് റോഡ് കോൺക്രീറ്റിംഗ് (ചെല്ലാനം ഗ്രാമപഞ്ചായത്ത് വാർഡ് - 19) ആരംഭിച്ചിട്ടില്ല.<br>2. 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കണ്ണമാലി പഴയ |

| | | |
|---|---|---|
| | | വരെയുള്ള റോഡ് പ്രവൃത്തി തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും സ്ഥലം ലഭ്യമാകാത്തതു നിമിത്തം ആരംഭിക്കാൻ കഴിഞ്ഞില്ല.<br><br>3. 60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ മാവിൻചുവടിൽ നിന്നും പടിഞ്ഞാറു ഭാഗത്തേയ്ക്കുള്ള റോഡിന്റെയും പാലത്തിന്റെയും നിർമ്മാണ പ്രവൃത്തി (ചെല്ലാനം ഗ്രാമപഞ്ചായത്ത് വാർഡ് നം.16) 8/7/2016ൽ നടന്ന ദർഘാസ് കമ്മിറ്റി ടി ദർഘാസ് പരിഗണിച്ചിട്ടു ണ്ട്.<br><br>4. 38 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കണ്ണമാലി വാട്ടർ ടാങ്ക് റോഡ് (കണ്ണമാലി കെ.കെ.കമ്പനി കോൺക്രീറ്റ് റോഡ് & ഫിഷ്‌ലാന്റിംഗ് സെന്റർ) പ്രവൃത്തിയ്ക്ക് പല പ്രാവശ്യം ടെൻഡർ ചെയ്തിട്ടും ആരും പങ്കെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് റീ-ടെൻഡർ നടപടി സ്വീകരിച്ചു വരുന്നു.<br><br>5. 55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിലെ തട്ടാലിത്തറ റോഡ് നിർമ്മാണ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |

**സെക്ഷൻ ആഫീസർ**